PR No. 1/2018

January 2, 2018

PACL നിക്ഷേപകരുടെ റീഫണ്ട് സംബന്ധിച്ച്

1. ബഹുമാനപ്പെട്ട സുപ്രീം കോടതി ("കോടതി") സുബ്രത ഭട്ടാചാര്യVs. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (CA No. 13301/2015), മറ്റു അനുബന്ധ കേസുകളിലും ഫെബ്രുവരി 02, 2016-നു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധി പ്രകാരം PACL Ltd (PACL/ കമ്പനി) വാങ്ങിയ സ്ഥലങ്ങൾ വിൽക്കുവാനും അതിൽ നിന്ന് ലഭിക്കുന്ന തുക കമ്പനിയിൽ പണം നിക്ഷേപിച്ച നിക്ഷേപകർക്ക് തിരിച്ചു നല്കുന്നതിനായും മുൻ ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ , ശ്രി ജസ്റ്റിസ് ആർ.എം.ലോധ ചെയർമാനായി കമ്മറ്റി രൂപീകരിക്കുവാൻ സെബിക്ക് നിർദേശം നൽകുകയുണ്ടായി.
2. സെബി അതിനനുസൃതമായി കമ്പനിയുടെ സ്വത്തുവകകൾ വിൽക്കുന്നതിനും അങ്ങനെ ലഭിക്കുന്ന തുക നിക്ഷേപകർക്ക് തിരിച്ചു നൽകുന്നതിനും ശ്രി ജസ്റ്റിസ് ആർ.എം.ലോധ ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.
3. കമ്മറ്റി, കോടതി ഉത്തരവിനനുസൃതമായി, ഇതു വരെ വിറ്റു കിട്ടിയ തുക PACL നിക്ഷേപകർക്ക് മടക്കി നൽകാനുള്ള നടപടി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യ പടിയായി, മൊത്തം കുടിശിക തുക (മൂലധനം / മുതൽ തുക) 2,500 രൂപ വരെയുള്ള നിക്ഷേപകരുടെ അപേക്ഷകൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. റീഫണ്ട് നിർബന്ധമായും നിക്ഷേപകന് 2,500 രൂപ എന്ന കണക്കിനായിരിക്കണമെന്നില്ല എന്നും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണവും കമ്മിറ്റിയിൽ ലഭ്യമായ തുകയും പരിഗണിച്ച ശേഷം പ്രൊ റാറ്റ (ആനുപാതിക) അടിസ്ഥാനത്തിൽ ആയിരിക്കുമെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
4. മുകളിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം, മൊത്തം കുടിശിക തുക (മൂലധനം / മുതൽ തുക) 2,500 രൂപ (ഒരു നിക്ഷേപകന്റെ) വരെയുള്ള നിക്ഷേപകർ 562632 എന്ന നമ്പറിലേക്കു എസ് എം എസ് (SMS) ആയോ http://sebicommitteepaclrefund.com/ എന്ന വെബ്സൈറ്റ് മുഖേന അപ്‌ലോഡ് ചെയ്തോ, താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങൾ അയക്കുവാൻ അറിയിച്ചു കൊള്ളുന്നു.
    - നിക്ഷേപകന്റെ പേര് ( PACL സർട്ടിഫിക്കറ്റിൽ ഉള്ളത് പ്രകാരം)
    - ക്ലെയിം ചെയ്ത തുക (രൂപയിൽ)
    - അവകാശിയുടെ മൊബൈൽ നമ്പർ
    - PACL സ്കീം പെയ്മെന്റ് റജിസ്ട്രേഷൻ നമ്പർ
    - PACL സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത കോപ്പി
    - ആധാർ / പാൻ നമ്പർ
    - ബാങ്ക് അക്കൗണ്ട് നമ്പറും IFSC കോഡും
    - കമ്പനി പ്രസ്തുത നിക്ഷേപകനു സ്ഥലം അനുവദിച്ചിട്ടുണ്ടോ
    - പാൻ കാർഡ് / ആധാർ കാർഡിന്റെ സ്കാൻ ചെയ്ത കോപ്പി

- അവസാന മൂന്ന് ഇടപാടുകൾ കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ സ്കാൻ ചെയ്ത കോപ്പി (അപേക്ഷകർ അപ്‌ലോഡ് ചെയ്യുന്ന ഏറ്റവും പുതിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ പേര്, അഡ്രസ്, ബാങ്ക് അക്കൗണ്ട് നമ്പർ , IFSC കോഡ് എന്നിവ വ്യക്തമായി കാണുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്).

അപേക്ഷകൾ അയക്കുന്നതിനു മുൻപ് ഈ കാര്യത്തിൽ http://sebicommiteepaclrefund.com/ എന്ന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന റീഫണ്ടിനായി എങ്ങനെ അപേക്ഷിക്കണം എന്ന് കാണിക്കുന്ന ഡെമോ വീഡിയോ കാണാവുന്നതാണ്. നിക്ഷേപകർ റീഫണ്ട് അപേക്ഷകളുടെ സ്ഥിതി അറിയുവാൻ 044-39571985 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

5. നിക്ഷേപകർ പോയിന്റ് 4 ൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള വിശദാംശങ്ങൾ മാത്രമേ അയക്കാൻ പാടുള്ളു. യാതൊരു കാരണവശാലും വേറെ ഒരു രീതിയിലുമുള്ള അപേക്ഷകൾ അയക്കാൻ പാടുള്ളതല്ല. കമ്മിറ്റിയുടെ നിർദ്ദിഷ്ട അറിയിപ്പ് പ്രകാരമല്ലാതെ യാതൊരു കാരണവശാലും ഒറിജിനൽ PACL റജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
6. റീഫണ്ട് അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 28, 2018 ആണ്.

മുംബൈ

ജനുവരി 02, 2018